പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *380

24.08.2017 -ലെ മറുപടിയ്ക്ക്

# തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ.കാരാട്ട് റസാഖ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിൽ മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കുമോ; | എ) തോട്ടം മേഖല, പലതരത്തിലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു. തേയില, ഏലം, റബർ എന്നിവയുടെ വിലത്തകർച്ച ഈ മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ മേഖല അഭിമുഖീകരിക്കുന്ന വിവിധങ്ങളായ വിഷയങ്ങൾ സമഗ്രമായി പഠിച്ച് ഏകാംഗ കമ്മീഷനായ ജസ്റ്റിസ് കൃഷ്ണൻ നായർ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിശോധനയിലാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിനായി മന്ത്രി തലത്തിൽ ചർച്ചകളും അനുബന്ധ നടപടികളും നടന്നു വരുന്നു. |
| ബി) ഈ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി രൂപീകരിച്ച സമിതി ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | ബി) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി 06.02.2017 ൽ തൊഴിലുടമാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ടി യോഗത്തിന്റെ തീരുമാനപ്രകാരം റിപ്പോർട്ട് സംബന്ധിച്ച ട്രേഡ് യൂണിയനുകളുടെയും തൊഴിലുടമകളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായുള്ള ഒരു എട്ടംഗ കമ്മിറ്റി ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ യോഗം ഉടൻ നടക്കുന്നതാണ്. |

സി) തോട്ടം മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് രൂപീകരിച്ച 'ഭവനം ഫൗണ്ടേഷൻ ഓഫ് കേരള' ഇതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ?

സി) കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽ തന്നെ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനായിട്ടാണ് ഭവനം - പദ്ധതി തോട്ടം മേഖലയിൽ ' സ്വന്തം വീട് സ്കീം ' വിഭാവനം ചെയ്തിരിക്കുന്നത്. സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sqft. വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് 400 sqft. ഉള്ള അപ്പാർട്ടമെന്റുകളും നിർമ്മിച്ച് നൽകാനാണ് ഈ സ്കീമിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഭവനം - പദ്ധതി തോട്ടം മേഖലയിൽ ' സ്വന്തം വീട് സ്കീം ' സർക്കാരിന്റെ പരിഗണനയിലാണ്.

Sreela

**സെക്ഷൻ ഓഫീസർ**